രാജേഷിനെ മർദ്ദിച്ചത് സംബന്ധിച്ച കേസ്

22 [5852] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വെങ്ങാനൂർ വില്ലേജിൽ കടച്ചക്കുഴി മരുവിള പുത്തൻവീട്ടിൽ രത്നാകരൻ മകൻ രാജേഷ് എന്നയാളിനെ 4-2-2003-ൽ ചരുവിള പുത്തൻവീട്ടിൽ ശിവാനന്ദൻ മകൻ വേണു ദേഹോപദ്രവം ഏൽപ്പിച്ചത് സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്തുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) രാജേഷിനെ ദേഹോപദ്രവം ചെയ്തതിനുള്ള കാരണമെന്താണ്;

(ഇ) വേണു പ്രതിയായി എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) ഒരാളിനെതിരെ മൂന്നോ അതിൽ കൂടുതലോ കേസുള്ളപക്ഷം അയാൾക്കെതിരെ 107-ന് കേസെടുക്കണമെന്ന് ബാലരാമപുരം പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ;

(ജി) അതനുസരിച്ച് വേണുവിന്റെ പേരിൽ 107-ന് കേസെടുത്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേസ് എടുത്തിട്ടുണ്ട്.

(ബി) പ്രതിയായ വേണുവിനെ 8-2-2003-ൽ അറസ്റ്റ് ചെയ്തിട്ടുള്ളതും പ്രതി ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്.

(സി) ബാധകമല്ല.

(ഡി) ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം 19/03, 354 ഐ.പി.സി. പ്രകാരമുള്ള കേസിലെ വാദിയായ ശ്രീകലയ്ക്കുവേണ്ടി സാക്ഷിപറഞ്ഞു എന്ന് തെറ്റിദ്ധരിച്ചാണ് രാജേഷിനെ പ്രതിയായ വേണു ദേഹോപദ്രവം ഏൽപ്പിച്ചത്.

(ഇ) മൂന്ന് കേസുകൾ.

(എഫ്) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ബാലരാമപുരം പോലീസ് സ്റ്റേഷനിൽ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 107 സിആർ. പി. സി. വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(എച്ച്) വേണുവിന്റെ പേരിൽ 107 സിആർ. പി. സി. പ്രകാരം നല്ല നടപ്പ് ജാമ്യം വാങ്ങുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.

കോടാലി മുക്കിലെ സാമൂഹ്യവിരുദ്ധ ആക്രമണം

23 [5853] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഡിസന്റ് മുക്ക്, കോടാലിമുക്ക് എന്നിവിടങ്ങളിൽ 6-7-2003-ൽ സാമൂഹ്യവിരുദ്ധന്മാർ നിരവധി കടകൾ തല്ലിത്തകർക്കുകയും നിരപരാധികളെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ പോലീസ് അറസ്റ്റ് ചെയ്തു;

(സി) ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യവിരുദ്ധന്മാർ ആക്രമണത്തിനെത്തിയ വാഹനം കണ്ടുകെട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വാഹനം എവിടെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ആക്രമണത്തിൽ കുറ്റക്കാരായവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് പേരെ അറസ്റ്റ് ചെയ്തു.

(സി) ടി സംഭവത്തിന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ ക്രൈം 382/03 നമ്പരായി ഐ.പി.സി. സെക്ഷൻ 143, 144, 147, 148, 427, 323, 324, 506 (11) ആന്റ് 149, സെക്ഷൻ 27 ആംസ് ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികൾ യാത്ര ചെയ്യാൻ ഉപയോഗിച്ച കെ.സി.ക്യു. 6995 നമ്പർ കാറും അറസ്റ്റ് ചെയ്ത പ്രതികളെയും കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. കോടതിയിൽ ഹാജരാക്കിയ വാഹനം കോടതി നിർദ്ദേശപ്രകാരം കൊട്ടിയം പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്നുണ്ട്.

(ഇ) (1) പ്രദീപ് (2) രഞ്ജിത് കുമാർ (3) രാജേഷ് (4) സുധീർ (5) കുഞ്ഞുമോൻ (6) സുബാഷ് (7) സുജിത്ത് (8) ശ്രീജിത്ത് (9) പ്രവീൺ (10) മനോജ് (11) മനോജ് (12) ബിജു.

LIBRARY ARCHIVES Kerala Legislative Assembly